അപ്രകാരം രജിസ്ട്രാർ തന്നെ തന്റെ അധികാരം ഡെലിഗേറ്റ് ചെയ്തുകൊടുത്തിട്ടില്ല. എന്നാൽ നിയമപ്രകാരം രജിസ്ട്രാർക്കുള്ള അധികാരങ്ങൾ അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥൻമാർക്കും ഗവൺമെന്റ് ഡെലിഗേറ്റ് ചെയ്തു കൊടുത്തിട്ടുണ്ട്.

(ബി) ഈ താത്തിൽ കോടതി വിധിച്ചിട്ടുള്ളതായി അറിയില്ല. എന്നാൽ 1986-ലെ കെ. എൽ. ടി. 274-ാം നമ്പറായി റിപ്പോർട്ട് ചെയ്തിട്ടുള്ള വിധി ന്യായപ്രകാരം നിയമത്തിലെ 3(2) വകുപ്പുപ്രകാരമുള്ള രജിസ്ട്രാറാൽ നിയമിതനാകുന്ന ഒരു സഹകരണ സംഘം ഇൻസ്പെക്ടർക്ക് (ആർബിട്രേഷൻ) സഹകരണ നിയമത്തിലെ 69-ാം വകുപ്പനുസരിച്ച് ഫയൽ ചെയ്ത ആർബിട്രേഷൻ കേസ്സിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമില്ലെന്ന് കോടതി അഭിപ്രായപ്പെടുകയുണ്ടായി.

(സി) ഉണ്ട്. ഇതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

അവധി ദിവസങ്ങളിൽ അദ്ധ്യാപകർ സ്കൂളിൽ ഹാജരായിരിക്കണമെന്ന വ്യവസ്ഥ

*381. [409] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാകളക്ടർമാർ അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ അദ്ധ്യാപകർ സ്കൂളിൽ ഹാജരായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് അദ്ധ്യാപകർക്ക് വളരെ ബുദ്ധിമുട്ടുളവാകുന്നുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അദ്ധ്യാപക സംഘടനകൾ ഇതിനായി നിവേദനം നടത്തിയിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.
(ബി) ഇല്ല.
(സി) ഉദ്ദേശിക്കുന്നില്ല.
(ഡി) ഉണ്ട്.

ഡെൻമാർക്ക് സർക്കാരിന്റെ സഹായത്തോടെ ശുദ്ധജല വിതരണം

*382. [410] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഡെൻമാർക്ക് സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly